പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5888 — 25.5.2017 -ൽ മറുപടിയ്ക്ക്

**കെ.ടി.ഡി.സി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.വി.ജോയി<br>ശ്രീ.എം.മുകേഷ്<br>ശ്രീ.ആന്റണി ജോൺ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി കെ.ടി.ഡി.സി. എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ; | എ) | കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.ടി.ഡി.സി. പലവിധ സംഭാവനകൾ നൽകിയിട്ടുണ്ട്. കെ.ടി.ഡി.സിയുടെ ആദ്യ സാന്നിധ്യം തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയ പല ടൂറിസം ഡെസ്റ്റിനേഷനുകളുടെയും വികസനത്തിന് കാരണമായിട്ടുണ്ട്. വിവിധ ഡെസ്റ്റിനേഷനുകളിലെ ഹോട്ടലുകൾ ബന്ധിപ്പിച്ചുള്ള എയർലൈൻ ടൂർ പാക്കേജ്, പ്രൈവറ്റ് ട്രാവൽ ഏജൻസികളുമായി ചേർന്ന് ട്രെയിൻ ചാർട്ടർ പാക്കേജ്, മൺസൂൺ സമയത്ത് താരീഫ് കുറച്ച് മൺസൂൺ ടൂറിസം എന്നിങ്ങനെ പല ടൂർ പാക്കേജുകളും തുടങ്ങി വച്ചത് കെ.ടി.ഡി.സി.യാണ്. ഇതു കൂടാതെ കേരളത്തിലെ വികസിതവും വികസിച്ചു കൊണ്ടിരിക്കുന്നതുമായ എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളിലും കെ.ടി.ഡി.സി.യുടെ പ്രീമിയം, ബഡ്ജറ്റ് ഹോട്ടലുകളുടെ സാന്നിധ്യം അവിടെയുള്ള ടൂറിസം മാർക്കറ്റിങ്ങിന് ഉത്തേജനം നൽകുന്നുണ്ട്. |
| ബി) | കെ.ടി.ഡി.സി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; | ബി) | പൊന്മുടിയിൽ ടൂറിസം വകുപ്പ് കൈമാറിയ 15 കോട്ടേജുകളുടെ ആധുനികവൽക്കരണം, തമ്പാന്നൂർ ചൈത്രം ഹോട്ടൽ, കോവളം സമുദ്ര ഹോട്ടൽ, മൂന്നാർ ടീ കൗണ്ടി ഹോട്ടൽ എന്നിവയുടെ നവീകരണം, ബേക്കൽ ബീച്ച് ക്യാമ്പിൽ 24 പുതിയ കോട്ടേജുകൾ/ക്യാമ്പ് എന്നിവയുടെ നിർമ്മാണം, മലമ്പുഴ, നെയ്യാർ ഡാം എന്നീ രണ്ട് യൂണിറ്റുകളിലുമായി 3 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കൽ, കണ്ണൂർ, തൃശ്ശൂർ, പീരുമേട്, ആലപ്പുഴ എന്നിവിടങ്ങളിലെ ടാമറിന്റ് ഹോട്ടലുകളുടെ നവീകരണം എന്നിവയാണ് കെ.ടി. ഡി.സി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. |

| | | | |
|---|---|---|---|
| സി) | കെ.ടി.ഡി.സി-യുടെ കീഴിലുള്ള മോട്ടലുകളുടേയും ടാമറിന്റ് ഹോട്ടലുകളുടേയും പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ; | സി) | ടാമറിന്റ് ഹോട്ടലുകൾ പഴയ യാത്രി നിവാസിനെ പേരുമാറ്റി വിപണനം ചെയ്യുന്നവയാണ്. ടാമറിന്റ് ഹോട്ടലുകൾക്കും, മോട്ടലുകൾക്കും അവ ഇരിക്കുന്ന സ്ഥാനങ്ങൾക്കനുസരിച്ച് വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. ടാമറിന്റ് ഹോട്ടലുകളിലും മോട്ടലുകളിലും പരിമിതമായ എണ്ണം മുറികളും സൗകര്യങ്ങളും മാത്രമേയുള്ളൂ. ആകയാൽ ഇവയുടെ പ്രവർത്തനം ലാഭകരമാക്കാൻ ചില പരിമിതികളുണ്ട്. |
| ഡി) | സംസ്ഥാന-ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ പൂട്ടണമെന്ന സുപ്രീംകോടതി വിധി കെ.ടി.ഡി.സി.യുടെ ബിയർ പാർലറുകളുടെ പ്രവർത്തനത്തെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | കെ. ടി.ഡി.സി 40 ബിയർ പാർലറുകളാണ് കേരളത്തിലങ്ങോളമിങ്ങോളം നടത്തി വന്നിരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം 22 എണ്ണം പൂട്ടുകയുണ്ടായി.ഈ ബിയർ പാർലറുകൾ പൂട്ടിയതു മൂലം നടപ്പ് സാമ്പത്തിക വർഷം 48 കോടി വിറ്റു വരവിൽ കുറവ് വരുമെന്ന ആശങ്കയിലാണ്.ഇതു മൂലം കേരള സർക്കാരിൽ അടയ്ക്കുന്ന നികുതിയിൽ 5 കോടിയും കേന്ദ്ര സർക്കാരിലേക്കുള്ള 1 കോടിയും കുറവ് വരും. ഈ സ്ഥാപനങ്ങളിലെല്ലാം കൂടി 344 തൊഴിലാളികളെ നിയമിച്ചിരുന്നു (സ്ഥിരം ജീവനക്കാർ--47 , കെ.ടിഡി.സി നേരിട്ടുള്ള കോൺട്രാക്ട്- 21 , ട്രെയിനീസ്-38, പുറം കരാർ- 238 എന്ന രീതിയിലാണ്). ഇതിനാൽ ഇവരുടെ തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.ഇത്തരത്തിൽ തൊഴിൽ രഹിതരായ കെ.ടി.ഡി.സി.യുടെ തൊഴിലാളികളെ പുനർ വിന്യസിക്കുന്നതു മൂലം ഒരു വർഷം ഏകദേശം 4.08 കോടി രൂപ അധിക ബാധ്യത കൂടി കെ.ടി.ഡി.സി.യ്ക്ക് ഉണ്ടാകും. |

സെക്ഷൻ ഓഫീസർ